## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: **330** — 30/11/2015ൽ മറുപടിയ്ക്ക്

### 2014- ലെ ഫോറസ്റ്റ് സർവ്വീസ് റൂൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) 2014-ലെ ഫോറസ്റ്റ് സർവ്വീസ് റൂളിന്റെ ഭേദഗതിയിൽ പട്ടിക ജാതിക്കാർക്കും പട്ടിക വർഗ്ഗ ക്കാർക്കും ഭരണഘടനാനുസൃതം ലഭിക്കേണ്ട ഇളവുകൾ കൂട്ടിച്ചേർക്കാൻ വിട്ടുപോയത് പരിഹരിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) 2010 ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ നിയമം 2014-ൽ ഭേദഗതി ചെയ്തപ്പോൾ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗ ക്കാർക്കും ഭരണഘടനാനുസൃതം ലഭിക്കേണ്ട ഇളവുകൾ ഉൾപ്പെടുത്തുവാൻ വിട്ടുപോയത് പരിഹരിക്കുന്നതിനായുള്ള നടപടിയുടെ ഭാഗമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം തേടിക്കൊണ്ട് 01.09.2015 ൽ കത്ത് അയച്ചിട്ടുണ്ട്. |
| (ബി) ഫോറസ്റ്റ് റേഞ്ച് ഓഫീസർ തസ്തികയ്ക്ക് പട്ടികജാതി പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥിയുടെ ഉയരത്തിൽ 5 സെ. മീ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷനു മായി നടത്തിയ കത്തിടപാടു കളുടെ പകർപ്പ് ലഭ്യമാക്കാമോ; | ബി) റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിയമനങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ ഉയരത്തിൽ 5 സെ.മീ ഇളവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിക്ക് അയച്ച കത്തിന്റെ പകർപ്പ് അനുബന്ധം I ആയി ഇതോടൊപ്പം ചേർക്കുന്നു. |
| സി) ഇതു സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകിയ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | സി) ഇത് സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ വിശദീകരണം തേടിയിട്ടില്ല. റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിയമനങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ ശാരീരിക യോഗ്യതകളിൽ ഇളവ് അനുവദിക്കുന്നതിനായി 2010 ലെ കേരള ഫോറസ്റ്റ് നിയമത്തിൽ ഭേദഗതി ചെയ്യുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേർ സർക്കാരിൽ സമർപ്പിച്ച ശുപാർശയുടെ പകർപ്പ് അനുബന്ധം II ആയി ഇതോടൊപ്പം ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

നമ്പർ.9862/എഫ്1/2015/വനം

വനം വന്യജീവി (എഫ്) വകുപ്പ്
തിരുവനന്തപുരം,
തീയതി, 01/09/2015

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
തിരുവനന്തപുരം.

സർ,

വിഷയം: വനം-വന്യ ജീവി വകുപ്പ്-ജീവനക്കാര്യം- കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ഭേദഗതി -സംബന്ധിച്ച്.

സൂചന:- 1. ശ്രീ. പുരുഷൻ കടലുണ്ടി എം.എൽ.എ. ബഹു. വനം വകുപ്പ് മന്ത്രിക്ക 23/07/2015 ൽ നൽകിയ കത്ത്.

2.താങ്കളുടെ 22/07/2010 ലെ R&A II(2) 8463/15/GW നമ്പർ കത്ത്.

3. ജി.ഒ.(പി) നമ്പർ 73/2010/F&WLD തീയതി 21/10/2010.

4. ജി.ഒ.(പി) നമ്പർ 80/2014/F&WLD തീയതി 10/09/2014.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 3 ലെ ഉത്തരവു പ്രകാരം കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ചട്ടം 4 അനുസരിച്ച് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം വഴി നികത്തുന്നതിനുള്ള ശാരീരിക യോഗ്യതയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഉയരത്തിൽ 5 സെ.മീ. ഉം നെഞ്ചളവിൽ 2.5 സെ.മീ. ഉം ഇളവ് അനുവദിച്ചിരുന്നു (ഷെഡ്യൂൾ 1 ലെ നോട്ട്-11,പേജ്) കേരള നിയമസഭയുടെ സബ്ജക്റ്റ് കമ്മറ്റിയുടെ നിർദ്ദേശ പ്രകാരം 2010 ലെ റൂൾസിൽ ഭേദഗതികൾ വരുത്തി സൂചന 4 പ്രകാരം ശാരീരിക യോഗ്യത പുതുക്കി നിശ്ചയിച്ച അവസരത്തിൽ ഷെഡ്യൂൾ 1 ഒഴിവാക്കുകയും അതിനോടൊപ്പം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഇളവ് സംബന്ധിച്ച് കുറിപ്പ് കൂടി ഒഴിവായിപ്പോയിരുന്നു. ഈ സാഹചര്യത്തിൽ 2010 ലെ സ്പെഷ്യൽ റൂൾസിലുണ്ടായിരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഉയരത്തിലെ 5 സെ.മീ. ഉം നെഞ്ചളവിലെ 2.5 സെ.മീ. ഉം ഇളവ് മുൻകാല പ്രാബല്യത്തോടുകൂടി അനുവദിച്ചുകൊണ്ട് റൂൾസിൽ ഭേദഗതി പുറപ്പെടുവിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ വിഷയത്തിൽ കമ്മീഷന്റെ അഭിപ്രായം അടിയന്തരമായി സർക്കാരിനു ലഭ്യമാക്കണമെന്നഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**കെ.വി.സുധീർ**
**ജോയ്ന്റ് സെക്രട്ടറി**
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

സെക്ഷൻ ഓഫീസർ

ഇ4-28451/92

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതക്കാട്, തിരുവനന്തപുരം,
Email- apccf-admin. for @.kerala.gov.in,
Phone&Fax: 0471-2338491,
തീയതി 25-11-2015.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം), തിരുവനന്തപുരം.

പ്രിൻസിപ്പൽ സെക്രട്ടറി
വനം-വന്യജീവി വകുപ്പ്.

സർ,

വിഷയം :- വനം വന്യജീവി വകുപ്പ്- വനം വകുപ്പിലെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിയമനങ്ങൾക്ക് പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ശാരീരിക യോഗ്യതയിൽ ഇളവ് അനുവദിക്കുന്നതിനായി 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് സമർപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന: - 31-07-2015-ലെ 9862/F1/15/വനം നമ്പർ സർക്കാർ കത്ത്

സൂചനയിലേയ്ക്ക് സർക്കാർ ശ്രദ്ധ ക്ഷണിക്കുന്നു. വനംവകുപ്പിലെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിയമനങ്ങൾക്ക് പ്രാക്തന ഗോത്ര വർഗ്ഗക്കാർക്ക് ശാരീരിക യോഗ്യതയിൽ ഇളവ് അനുവദിക്കുന്നതിനായി 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് വിജ്ഞാപനം നിശ്ചിത മാതൃകയിൽ തയ്യാറാക്കി ഇതോടൊപ്പം തുടർനടപടികൾക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ(ഭരണം).

സെക്ഷൻ ഓഫീസർ

C:\Users\...\Desktop\28451...25-11-2015

**GOVERNMENT OF KERALA**
**Forest& Wildlife(F) Department**

## NOTIFICATION

*G.O(P) No……………/2015/F&WLD.* *Dated, Thiruvananthapuram………..2015*

S.R.O No…………………/2015. In exercise of the powers conferred by sub-section (1) of Section 2 of the Kerala Public Service Act, 1968 (19 of 1968), the Government of Kerala hereby make the following Rules to amend the Kerala Forest Service Special Rules, 2010 issued under GO(P) No.73/2010/F&WLD dated, 21st October, 2010 and published as SRO No.986/2010 in Kerala Gazette Extra Ordinary No. 2368 dated 26th October 2010 and Kerala Forest Service (Amendment) Special Rules, 2014 issued under GO(P)No.80/2014/F&WLD dated 10th September, 2014 and published as S.R.O No.571/2014 in Kerala Gazette Extra ordinary No.2328 dated, 23rd September,2014 namely:-

## RULES

1. Short Title and Commencement.- (1) These rules may be called the Kerala Forest Service (Amendment) Special Rules, 2015.

   (2) They shall come into force at once.

2. Amendment of the Rules. - In the Kerala Forest Service Special Rules, 2010,- below the Table under Rule 4 the following Note shall be added, namely: -

"Note:- Minimum height and chest measurement for Scheduled Caste/Scheduled Tribe candidates shall be relaxed 5 cm and 2.5 cm respectively. The minimum chest expansion of 5 cm shall however be applicable to Range Forest Officers appointed by direct recruitment under item (i) (a) and (i) (b) and by appointment by transfer under item (iii) (a) and (iii) (b) under Category 3 of Rule 3.

By Order of the Governor,

Principal Secretary to Government
Forest & Wildlife Department.

**Explanatory Note**

(This does not form Part of the notification, but is intended to indicate its general purport)

In the Kerala Forest Service Special Rules, 2010 issued under GO(P)No. 73/2010/F&WLD dated, 21-10-10, the Government have stipulated a relaxation clause for physical qualification for Scheduled Caste and Scheduled Tribe candidates. But in the Kerala Forest Service (Amendment) Special Rules, 2014 issued under GO(P)No.80/14/F&WLD dated 10-09-14, the Government have omitted the specific relaxation clause for physical qualification for Scheduled Caste and Scheduled Tribe. The omission is a lapse on the part of Government.

Therefore, Government have decided to issue amendment to special Rules for Kerala Forest Service, 2010 for inclusion of relaxation clause for physical qualifications for Scheduled Caste and Scheduled Tribe candidates.

This notification is intended to achieve the above object.